സഹകരണത്തോടുകൂടി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചും ജനപങ്കാളിത്തത്തോടെയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ക്ഷേമനിധി ബോർഡുകൾ മുഖേന എൻജിനീയറിംഗ് കോളേജുകൾ

7(*186) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ക്ഷേമനിധി ബോർഡുകൾ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) എൻജിനീയറിംഗ് കോളേജ് സ്ഥാപിച്ച് നടത്തുക എന്നത് ക്ഷേമനിധി ബോർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽപ്പെടുമോ എന്നും ഇല്ലെങ്കിൽ പ്രസ്തുത ബോർഡിന് എപ്രകാരം എൻജിനീയറിംഗ് കോളേജ് തുടങ്ങുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) തൊഴിൽ വകുപ്പ് സ്ഥാപിക്കുന്ന 'ലേബർ അക്കാഡമി'യുടെ ആഭിമുഖ്യത്തിൽ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് ഒരു സ്വാശ്രയ എൻജിനീയറിംഗ് കോളേജ് തുടങ്ങാനുള്ള തീരുമാനം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇത് പരിഗണിച്ചുവരുന്നു.

(ബി) 1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവീസസ്) കേന്ദ്ര നിയമനത്തിന്റെയും ഇതനുസരിച്ചുള്ള സംസ്ഥാന ചട്ടത്തിന്റെയും റൂൾ 207 പ്രകാരം പ്രസ്തുത ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് തൊഴിൽ സാദ്ധ്യതയുള്ള സാങ്കേതിക കോഴ്സുകൾ നടത്തുന്നതിനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അന്യ സംസ്ഥാനങ്ങളിലേക്ക് അനധികൃതമായി റിക്രൂട്ട് ചെയ്യപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം

8(*187) ശ്രീ. ടി. കെ. നൗഷാദ്:
ശ്രീ. പി. കെ. കുമാരൻ:
ശ്രീ. ആനത്തലവട്ടം ആനന്ദൻ :

LIBRARY ARCHIVES Kerala Legislative Assembly